## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- എസ്റ്റാ:- പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിന് ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന: ഉത്തരവ് നം. ഇ.എ3- 19000/2015/ആ.വ.ഡ തീയതി 24.03.2015

**ഉത്തരവ് നം. ഇ.എ3- 19000/2015/ആ.വ.ഡ തീയതി: 10.05.2017**

ഡോ. കൈലാസ്.പി, പ്രശാന്തി, ഫാറൂഖ് കോളേജ്.പി.ഒ, കോഴിക്കോട്-673632 കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശ പ്രകാരം അസിസ്റ്റന്റ് സർജനായി മേൽ സൂചന പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി 08.05.2017തീയതി വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. നിശ്ചിത കാലയളവ് പൂർത്തിയായതിനാൽ ഡോ. കൈലാസ്.പി യെ പി.എച്ച്.സി പുതൂർ, പാലക്കാട് നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 12.05.2017 തീയതിയിൽ അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം ജില്ലാ മെഡിക്കൽ ആഫീസർ, പാലക്കാട് മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.
ജനറൽ ട്രാൻസ്ഫർ നടത്തുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ഈ ഉത്തരവ് പുന:പരിശോധിക്കുന്നതാണ്.

ഒപ്പ്
ഡോ. സരിത.ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

ഡോ. കൈലാസ്.പി, പ്രശാന്തി, ഫാറൂഖ് കോളേജ്.പി.ഒ, കോഴിക്കോട്-673632

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ, പാലക്കാട്
   (ഡോ. കൈലാസ്.പി യുടെ തിരിച്ചറിയൽ രേഖ ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ മാറ്റി നിയമിക്കേണ്ടതാണ്)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. മെഡിക്കൽ ആഫീസർ ഇൻ ചാർജ്, പി.എച്ച്.സി പുതൂർ, പാലക്കാട്
4. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്